**13-ാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:3881** | **24.06.2014-ൽ മറുപടിയ്ക്ക്**

**സിൽക്കിനെ സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എളമരം കരീം<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനമായ സിൽക്കിനെ സംരക്ഷിക്കുന്നതിന് കഴിഞ്ഞ സർക്കാർ കൊണ്ടുവന്ന പദ്ധതികൾ തുടരുന്നതിൽ ഈ സർക്കാർ സ്വീകരിച്ച നിലപാടുകൾ വ്യക്തമാക്കാമോ; | (എ) 2010-11ൽ ഒറ്റപ്പാലം യൂണിറ്റിന്റെ ഒന്നാംഘട്ട നവീകരണ പ്രവർത്തനങ്ങൾക്ക് 280 ലക്ഷം രൂപ അനുവദിച്ചതിന്റെ തുടർ പ്രവർത്തനങ്ങൾക്കു വേണ്ടി രണ്ടാം ഘട്ട നവീകരണത്തിനായി 2012-13ൽ 176 ലക്ഷം രൂപ അനുവദിച്ചു. നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. |
| (ബി) 'സിൽക്കി'ന്റെ പ്രവർത്തന പുരോഗതിക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് റെയിൽവേയുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ചിട്ടുണ്ടായിരുന്നുവോ; ഇതിൽ നിന്ന് റെയിൽവേ ഏകപക്ഷീയമായി പിന്മാറിയിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ; ഇത് സിൽക്കിന്റെ പുരോഗതിക്ക് തടസ്സമായതായി കരുതുന്നുണ്ടോ ; | (ബി) സിൽക്കിന്റെ യൂണിറ്റായ ആലപ്പുഴയിലെ സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റും, ആട്ടോകാസ്റ്റും ചേർന്ന് റെയിൽവേയുമായി ധാരണാപത്രം ഒപ്പിട്ടിരുന്നു. എന്നാൽ പുതിയ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള LH.6 കോച്ചുകളിലേക്കും ഉയർന്ന ഉൽപ്പാദന ക്ഷമതയുള്ള Freight Cars കളുടെ ഉൽപ്പാദനത്തിലേക്കുമുള്ള മാറ്റം കാരണമാണ് റയിൽവേ ഇതിൽ നിന്നും പിന്മാറിയതെന്ന് അറിയിച്ചിട്ടുള്ളത്. SFU നെ സിൽക്കുമായി പുനഃസംയോജിപ്പിച്ച് കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) 'സിൽക്കി'ന്റെ നിലനില്പിനായി കഴിഞ്ഞ സർക്കാർ | (സി) ഈ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 2012-13 ൽ |

ആവിഷ്കരിച്ചതും തുക അനുവദിച്ച തുമായ സ്റ്റീൽ കാസ്റ്റിംഗിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ;

176 ലക്ഷം രൂപ അനുവദിക്കുകയും പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുകയുമാണ്.

(ഡി) പല ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളും വിജയകരമായി പൂർത്തിയാക്കിയിട്ടുള്ള സിൽക്കിന് പുതിയ പ്രോജക്ടുകൾ ലഭ്യമാക്കുന്നതിനും ആവശ്യമായ മൂലധനം ലഭ്യമാക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ഡി) സിൽക്കിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള സാമ്പത്തിക സഹായം സർക്കാരിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് അനുവദിച്ചിട്ടുണ്ട്. തുടർന്നും ആവശ്യമായ സഹായം നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ